www.malankaralibrary.com

യുവചേതന ജനുവരി – ഫെബ്രുവരി 2024

# യുവചേതന

എം.സി.വൈ.എം. സഭാതല സമിതി മുഖപത്രം
ലക്കം 1



## നോമ്പിന്റെ പുണ്യം...

© Diocesan

www.malankaralibrary.com



**കുരിശ് നമുക്കുവേണ്ടി ചില കാര്യങ്ങൾ ചെയ്തു എന്നു മനസ്സിലാക്കും മുമ്പ് നാം അറിയേണ്ടത് നാം ചെയ്തുപോയ ചില കാര്യങ്ങളാണ്.**

**- ജോൺ ആർ ഡബ്ലിയു. സ്റ്റോട്ട്**

**കാ**ൽവരിയിലേക്കുള്ള യാത്ര എന്നു പറയുന്നത് വളരെ വേദന നിറഞ്ഞതാണ്. പക്ഷേ അപ്പോഴും യേശു പറയുന്നത്, നിങ്ങൾ എനിക്കു വേണ്ടിയല്ല നിങ്ങളുടെ മക്കൾക്കുവേണ്ടി കരയാനാണ്.

തന്നെ ദ്രോഹിച്ചവർക്കുവേണ്ടി പിതാവിനോട് ക്ഷമ ചോദിക്കുന്ന ക്രിസ്തുവിനെ കാൽവരിയിൽ കാണാം. “ഇന്നു നീ എന്നോടുകൂടെ പറുദീസയിലായിരിക്കുമെന്ന് ഞാൻ സത്യമായി നിന്നോടു പറയുന്നു” എന്നു പറഞ്ഞ് കള്ളന് പ്രത്യാശ നൽകുന്നുണ്ട്, അമ്മയെ ശിഷ്യനെ ഏൽപ്പിക്കുന്ന കരുതലും കാൽവരിയിൽ കാണാൻ കഴിയുന്നു. ഈ ജീവിത അനുഭവങ്ങൾ ഒക്കെ നമുക്കും ജീവിതത്തിൽ കൊണ്ടുവരാൻ കഴിയണം. കാൽവരിയിലെ കുരിശുമരണമല്ല ഉയിർപ്പാണ് ക്രിസ്ത്യാനിയുടെ പ്രത്യാശ.

ആ പ്രത്യാശയിലേക്കാണ് ഈ നോമ്പ് നമ്മെ കൊണ്ടുപോകുന്നത്. ദൈവപുത്രനെപ്പോലെ നമുക്ക് ആകാൻ സാധിക്കുന്നില്ലെങ്കിലും അതിലെ ഒരംശം എങ്കിലും നമ്മുടെ ജീവിതത്തിൽ പ്രാവർത്തികമാക്കാൻ ഈ വലിയ നോമ്പിൽ നമുക്ക് ഓരോരുത്തർക്കും കഴിയട്ടെ എന്ന് ആശംസിക്കുന്നു.

സ്നേഹപൂർവ്വം
**ലിനു ഡാനിയൽ**
സഭാതല ജനറൽ സെക്രട്ടറി
ചീഫ് എഡിറ്റർ



www.malankaralibrary.com

# Presidential Desk



## " യുവജനങ്ങൾ നന്മയുടെ വിത്ത് വിതയ്ക്കുന്നവർ"

യേശുക്രിസ്തുവിന്റെ കുരിശുമരണത്തിന്റെയും രക്ഷാകരമായ പുനരുത്ഥാനത്തിന്റെയും പെസഹാ രഹസ്യത്തിലേക്ക് നമ്മെ നയിക്കുന്ന, വ്യക്തിപരവും സഭാകൂട്ടായ്മയിലും സാമൂഹിക ജീവിതത്തിലും നവീകരണത്തിനുള്ള അനുകൂലമായ സാഹചര്യമാണ് ഈ വി. വലിയ നോമ്പുകാലം.

വി. പൗലോസ് ശ്ലീഹ ഉദ്ബോധിപ്പിക്കുന്നു: ''നന്മ ചെയ്യുന്നതിൽ നമുക്ക് മടുപ്പ് തോന്നാതിരിക്കട്ടെ. എന്തെന്നാൽ നമുക്ക് മടുപ്പ് തോന്നാതിരുന്നാൽ യഥാകാലം വിളവെടുക്കാം."(ഗലാ.6:9-10).

ഭാവിയിലെ വിളവെടുപ്പ് കണക്കിലെടുത്ത് ഈ "നന്മയുടെ വിത്തുകൾ" വിതയ്ക്കാനുള്ള 'അനുയോജ്യമായ സമയം' ഏതാണ്? നോമ്പുകാലം അത്തരമൊരു ഉചിതമായ സമയമാണ്. എന്നാൽ ഒരു കത്തോലിക്ക യുവതി/യുവാവിനെ സംബന്ധിച്ച് അവരുടെ യൗവനകാലം മുഴുവനും ഈ 'അനുയോജ്യമായ സമയം' ആണെന്നുള്ള വസ്തുത വിസ്മരിക്കാൻ പാടില്ല.

വി. നോമ്പുകാലത്ത് 'ജീവനുള്ളതും, സജീവവുമായ' (ഹെബ്രാ.4:12) തിരുവചനം സ്വീകരിച്ചു കൊണ്ടു ദൈവത്തിന്റെ ഈ ദാനത്തോട് പ്രതികരിക്കാൻ യുവജനസഭയിലെ അംഗങ്ങൾ എന്നനിലയിൽ നാം വിളിക്കപ്പെട്ടിരിക്കുന്നു.

വി. നോമ്പിന്റെ പ്രത്യേക പരിശീലനം എന്ന നിലയിൽ നമ്മെ അടിപ്പെടുത്തുന്ന പാപസാഹചര്യങ്ങളെ ഉപേക്ഷിക്കുന്നതിന് നമ്മുടെ ആത്മാവിനെ ശക്തിപ്പെടുത്താം. മനുഷ്യബന്ധങ്ങളെ ദരിദ്രമാക്കുന്ന ഡിജിറ്റൽ മാധ്യമങ്ങളോടുള്ള ആസക്തിയെ ചെറുക്കാനും പകരം ''മുഖാമുഖവും വ്യക്തിപരമായും" കൂടുതൽ അവിഭാജ്യമായ മാനുഷിക ആശയവിനിമയം വളർത്തിയെടുക്കുന്നതിനും നമുക്ക് പരിശ്രമിക്കാം. നമ്മുടെ അയൽക്കാരോട് സജീവമായ ജീവകാരുണ്യ പ്രവർത്തനങ്ങളിൽ പങ്കുചേരാം. ഈ നോമ്പുകാലത്ത്, സന്തോഷത്തോടെ ദാനധർമ്മം പരിശീലിക്കാം.

മാറുന്ന സാമൂഹിക-രാഷ്ട്രീയ അന്തരീക്ഷത്തിൽ 'സ്നേഹം, ദയ, കാരുണ്യം, നീതി, സത്യസന്ധത' ഇവ അനുദിനം പരിശീലിച്ചുകൊണ്ടു നമ്മുടെ ക്രൈസ്തവ വിശ്വാസത്തിന്റെ ചൈതന്യം '' ഉറക്കെപ്പറയാനും ഉയർത്തിപ്പിടിക്കാനും ഉത്തമമായ ജീവിതത്തിലൂടെ അതിനു സാക്ഷ്യം" നല്കാനും യുവജനങ്ങളായ നമുക്ക് സാധ്യമാകണം.

തിരുസഭാ മാതാവിനോടൊത്ത് 'പ്രത്യാശയുടെ തീർഥാടനം' നടത്തുന്ന യുവജന സുഹൃത്തുക്കളെ, നമ്മൾ ഓരോരുത്തരും ക്രിസ്തുവിനെ കാണുന്നവരാകണം.അപ്പോൾ നമ്മെ കാണുന്നവർക്ക് ക്രിസ്തുവിനെ കാണാനും കഴിയും.

ഒരു കർഷകന്റെ ക്ഷമയുള്ള സ്ഥിരോത്സാഹം നമുക്ക് ആവശ്യമാണ്. വി. നോമ്പിന്റെ വ്രതാനുഷ്ഠാനത്താൽ ഹൃദയമായ മണ്ണ് ഒരുക്കപ്പെട്ടുകഴിഞ്ഞു. പ്രാർത്ഥനയാൽ അതിന് നനവേകാം; ധാനധർമ്മം കൊണ്ട് സമ്പന്നമാക്കാം. അപ്രകാരം 'നമ്മൾ തളരാതെ നിന്നാൽ തക്കസമയത്തു നമ്മുടെ വിളവെടുപ്പ് നടത്താം.'

'നന്മയുടെ വിത്തുകൾ'വിതയ്ക്കാനുള്ള അനുയോജ്യമായ സമയമായി ഈ നോമ്പ് കാലം തീരട്ടെ.


**ഏവർക്കും ഉത്ഥാനപ്പെരുന്നാളിന്റെ പ്രാർത്ഥനാശംസകൾ.....**

**മോനു ജോസഫ്**
എം.സി.വൈ.എം. സഭാതല പ്രസിഡന്റ്

www.malankaralibrary.com



# ആയുധമാകുന്ന നോമ്പ്..



**ജോബിൻ ജോൺ**
ജനറൽ സെക്രട്ടറി
മാവേലിക്കര ഭദ്രാസനം

**നോ**മ്പിന്റെ ആദ്യ ആഴ്ചകളിലെ വായനയിൽ നാം ഇപ്രകാരം വായിക്കുന്നു. ഈശോ 40 നാൾ മരുഭൂമിയിൽ പ്രാർത്ഥനയിലും ഉപവാസത്തിലും ആയിരുന്നു. അതിന്റെ പ്രതിഫലനമാണ് ഇന്ന് സഭയിൽ 50 നോമ്പായി കൊണ്ടാടുന്നത്. പ്രാർത്ഥനകൾക്കുശേഷം പിശാചിനാൽ പരീക്ഷിക്കപ്പെടുന്നതിനായി ആത്മാവ് യേശുവിനെ മരുഭൂമിയിലേക്ക് നയിച്ചു എന്നാണ് ബൈബിൾ സാക്ഷ്യപെടുത്തുന്നത്. യേശുവിന് വിശന്നപ്പോൾ അപ്പത്തിന്റെ പേരിൽ പിശാച് അവനെ പ്രലോഭിപ്പിക്കുന്നു. വചനംകൊണ്ട് യേശു അതിനെ എതിർക്കുമ്പോൾ വചനം കൊണ്ടുതന്നെ പിശാചും ഈശോയെ പ്രലോഭിപ്പിക്കുന്നു. വചനത്തിന്റെ തീവ്രശക്തിയിൽ ഈശോ വീണ്ടും ആ പ്രലോഭനത്തെ നേരിടുന്നു. അപ്പോൾ ഈ ലോകത്തിലെ സകല സുഖ സൗകര്യങ്ങളും കാട്ടി സാത്താൻ യേശുവിനെ പ്രലോഭിപ്പിക്കുന്നു. ആ പ്രലോഭനത്തേയും വചനത്തിന്റെ ശക്തമായ താക്കീതിനാൽ യേശു നേരിടുന്നു. കണ്ടില്ലേ കൂട്ടരേ, പിശാച് അങ്ങനെയാണ്. അവൻ എപ്പോഴും നമ്മെ പ്രലോഭിപ്പിച്ചു കൊണ്ടേയിരിക്കും.

വലിയ നോമ്പിന്റെ പ്രാർത്ഥനയിൽ പറയുന്നപോലെ 'ശുദ്ധമുള്ള നോമ്പ് ജയത്തിന്റെ അടയാളവും ശത്രുവായ ദുഷ്ടന്റെ നേരെ തോൽക്കാത്ത ആയുധവും ആകുന്നു.' പ്രലോഭനത്തെ നേരിടാൻ സഭ നൽകിയിരിക്കുന്ന ശക്തമായ സംരക്ഷണമാണ് നോമ്പ്. അത് വിശുദ്ധിയുടെ അടയാളം കൂടിയാണ്. വിശുദ്ധിയുള്ളവരുടെ ജീവിതത്തിലേ പ്രലോഭകനും ഇടപെടുകയുള്ളു. നോമ്പ് വിശുദ്ധിയുടെ അടയാളമായതിനാൽ നോമ്പ് നോക്കുന്നവനെയും പിശാച് പ്രലോഭിപ്പിക്കും. എന്തിനേറെ, ദൈവപുത്രനായ ഈശോയെപ്പോലും അവൻ പ്രലോഭിപ്പിക്കാൻ ശ്രമിക്കുന്നുണ്ട്. ദൈവപുത്രന് പോലും പ്രലോഭനം ഉണ്ടെങ്കിൽ സാധാരണ മനുഷ്യരായ നമ്മുടെ കാര്യം പറയാൻ ഉണ്ടോ? നമ്മളും സാത്താനാൽ പരീക്ഷിക്കപ്പെടുക തന്നെ ചെയ്യും. പ്രത്യേകിച്ച് നോമ്പ് നോക്കുന്ന അവസരത്തിൽ, പല തരത്തിലുള്ള ലൗകിക അലൗകിക പ്രലോഭനങ്ങളും നമുക്ക് നേരിടേണ്ടതായി വരും. വചനങ്ങൾ പോലും അപ്പോൾ അബദ്ധ പ്രബോധനങ്ങളായി നമ്മുടെ മുന്നിലേക്ക് വന്നേക്കാം. അപ്പോൾ ശത്രുവിനെതിരെ ഒരിക്കലും തോൽക്കാത്ത ആയുധമായ നോമ്പിന്റെ വിശുദ്ധിയിലൂടെ ഈശോയോടു ചേർന്ന് ശക്തമായി ഇപ്രകാരം പറയാൻ നമുക്ക് സാധിക്കണം: 'സാത്താനേ എന്നിൽ നിന്ന് ദൂരെ പോകുക. ഞാൻ ഈശോ ആകുന്ന മൗതിക ശരീരത്തിലെ അവയവമാണ്.' പരിശുദ്ധ നോമ്പിലെ ഉപവാസത്തിലൂടെയും പുണ്യപ്രവർത്തികളിലൂടെയും പ്രാർത്ഥനകളിലൂടെയും ഉപവി പ്രവർത്തനങ്ങളിലൂടെയും പ്രലോഭനങ്ങളെ നേരിടാൻ നമുക്ക് സാധിക്കട്ടെ.

www.malankaralibrary.com




# ഇനി അല്പം ചിന്തിക്കാം!



**റീബാ സൂസൻ തോമസ്**
പുത്തൂർ ഭദ്രാസനം

**പ**രീക്ഷണങ്ങളുടെയും പ്രയാസങ്ങളുടെയും ഈ വർത്തമാനകാലത്തു ഈ നോമ്പുകാലം, യേശുവിന്റെ മരുഭൂമിയിലെ 40 ദിവസത്തെ പരീക്ഷണത്തിന്റെ ഉപവാസത്തിന്റ ഓർമ പുതുക്കുന്നതോടൊപ്പം നമോരുത്തരുടെയും ജീവിതത്തിലെ പരീക്ഷണകാല ഘട്ടം കൂടെ ആണ്. നാം ആരാണ്, നാം എന്താണ് എന്ന് കൂടി വിചിന്തനം ചെയ്യുവാൻ ഉള്ള ഒരു കാലഘട്ടം കൂടെയാണ്.

ഗോതമ്പുമണി നിലത്തു വീണ് അഴുകുന്നില്ലെങ്കിൽ അത് അതേപടി ഇരിക്കുന്നു. അഴുകുന്നെങ്കിൽ ധാരാളം ഫലം പുറപ്പെടുവിക്കുന്നു. മരണം പുതുജീവനിലേക്കുള്ള ചുവടുവെപ്പാണ്. ഈ അഴുകലും നശിക്കലും പുതുജീവനിലേക്കും വളർച്ചയിലേക്കും ആണെങ്കിൽ അഴുകലിന് അർത്ഥമുണ്ട്. സസ്യവിളകൾ അഴുകി നശിച്ചു കെട്ടടങ്ങുമ്പോൾ അതിൽനിന്നും ഒരു പുതുജീവൻ ഉയിർകൊള്ളുന്നുണ്ട്. നഷ്ടത്തിന്റെയും ശോഷണത്തിന്റെയും മൂല്യമാണ് പുതുമായർന്ന പുതുജീവൻ.

ഇനി അല്പം ചിന്തിക്കാം!

പ്രശസ്തനായ മൈക്കേൽ ഫാരഡേ എന്ന ശാസ്ത്രജ്ഞന്റെ സന്ദർശനമുറിയിലേക്ക് കടന്നുവന്ന ഒരു മനുഷ്യന്റെ കൈ തട്ടി തന്റെ മേശപ്പുറത്തിരുന്ന മനോഹരമായ ഒരു പാത്രം നിലത്തുവീണ് ഉടഞ്ഞുപോയി. എന്ത് ചെയ്യണമെന്നറിയാതെ സ്തംഭിച്ചുനിന്ന ആ മനുഷ്യന്റെ മുമ്പിൽ നിന്നും പൊട്ടിയ പാത്രത്തിന്റെ ഭാഗങ്ങളെടുത്ത് ഫാരഡേ തന്റെ പരീക്ഷണശാലയിലേക്കാണ് പോയത്. ഏതാനും രാസവസ്തുക്കളും പദാർത്ഥങ്ങൾ ചേർത്ത് കൂടുതൽ മനോഹരമായൊരു പാത്രം അദ്ദേഹം നിർമ്മിച്ചെടുത്തു. മനുഷ്യന് അസാധ്യമെന്ന് തോന്നുന്നിടത്ത് സാധ്യതകളുടെ വാതിൽ തുറന്നിടുന്നവനാണ് ദൈവം.

ഇന്ന് ആധുനിക മനുഷ്യൻ തന്റെ ബുദ്ധിക്കു കീഴിൽ ഈ ലോകത്തുള്ള എന്തിനും ഏതിനും പരിഹാരം കാണാനും ഉത്തരം കാണാനും ദൈവത്തെ കൂടാതെയുള്ള ഒരു ലോകത്തെ സ്വപ്നം കാണാൻ തുടങ്ങിയിട്ട് നാളുകൾ ഏറെയായി. ഓരോ പരീക്ഷണങ്ങൾക്ക് ഒടുവിൽ അവൻ പറയുന്നു; എല്ലാത്തിനും ഉത്തരം ഉണ്ട്, പരിഹാരം ഉണ്ട്, മരണം ഒഴികെ. ആർഷഭാരത സംസ്കാരത്തിലെ പ്രാർത്ഥനകളുടെ ഒരു ഭാഗമാണ് :'അസതോമാ സത്ഗമയ തമസോമാ ജ്യോതിർഗമയ മൃത്യോമ അമൃതംഗമയ'.മരണത്തിൽ നിന്ന് ഞങ്ങളെ ജീവനിലേക് പ്രവേശിപ്പിക്കണമേ എന്ന്.

www.malankaralibrary.com

നോമ്പ് മടങ്ങിവരവിന്റെ ഒരു കാലമാണ്. നഷ്ട പ്പെട്ടുപോയ എല്ലാ സുകൃതങ്ങളും സുഗന്ധത്തിലേക്ക് തിരിച്ചുവരുന്ന ഒരുകാലം. അതിവിശുദ്ധിയോടെ തന്നെ കർത്താവിന് തിരിച്ചേല്പിക്കുന്ന സമയം. അതാണ് നോമ്പ് കാലം. മറ്റുള്ളവരെ വിധിച്ചും വിചാരണ ചെയ്തും വിധികൾക്കു മുന്നിൽ തലയുയർത്തി നിൽക്കുമ്പോഴും അവൻ ഒരു ചോദ്യചിഹ്നമാണ്. അവന്റെ മൗനം വലിയ ഒരു വെല്ലുവിളിയാണ്. അവന്റെ മരക്കുരിശു ഒരു ഓർമപ്പെടുത്തലാണ്. അന്ന് നീ കാൽവരി കയറിയത് ഇന്ന് ഞാൻ ഇടറാതിരിക്കാനാണ്. അന്ന് നീ കുരിശിൽ മരിച്ചത് ഇന്ന് എനിക്ക് ജീവൻ ഏകാനാണ്. നിന്റെ കാൽവരി സഹനങ്ങളോട് എന്റെ നൊമ്പരം ചേർത്ത് വയ്ക്കുമ്പോൾ അവയ്ക്ക് ദിവ്യയാഗത്തിന്റെ നറുമണമാണ് ഈശോയെ.

ഈ നോമ്പ് കാലത്ത് സങ്കീർത്തകനോടൊപ്പം നമുക്ക് പ്രാർത്ഥിക്കാം :

**'എന്റെ കർത്താവേ എന്റെ വചനങ്ങളും വിചാരങ്ങളും പ്രവർത്തികളും അങ്ങേയ്ക്കു പ്രിയങ്കരങ്ങളായിരിക്കട്ടെ. നിന്റെ തിരുമുമ്പിൽ പ്രസന്നവദനത്തോടും പൂർണമനഃസാക്ഷിയോടും നിർമലഹൃദയത്തോടും കൂടി ജീവിക്കാനുള്ള കൃപ നൽകേണമേ. ആമേൻ'.**

# The Song of the Laughing Folks

*The Song Of the Laughing Folks*
*I can feel it crumbling me bit by bit*
*Don't let it show; don't let anyone know*
*They'll think you are weak*
*Someone they can tweak*
*But I just can't bear it anymore*
*I just wanna get out the door.*
*You are strong; you are not wrong.*
*Pull yourself together.*
*It's a question of how not whether!*
*It is growing; but I must keep going*
*I can't just ignore when I know there's lot more*
*I'll keep my head on my knees*
*See if it can ease*
*But I just wanna keep my head down*
*Why is it harder to smile than frown?*
*You are shouting hard; doubting deep.*
*With a soul so battered*
*But a face not that shattered!*
*Eyes are beaming; when the heart is screaming*
*Can't let it show; won't let anyone know*
*Beautifully breaking*
*Shamelessly shrieking*
*Anyhow I know this can't be right*
*But that's what it means to fight.*



**Nia Sarah Saju**
Eparchy of Muvattupuzha

www.malankaralibrary.com



# യുവജന പ്രേക്ഷിത ശുശ്രൂഷ



**റോബിൻ ജോസഫ്**
കെ.സി.വൈ.എം. സെനറ്റ്
ബത്തേരി ഭദ്രാസനം

## "വേരിട്ട ആശയങ്ങളും സമൂഹത്തോടുള്ള പ്രതിബദ്ധതയും എന്നും ഈ പ്രസ്ഥാനത്തിന്റെ മുഖമുദ്രയാണ്"

ഒരു സഭയുടെ യുവജനത്തെ കാലഘട്ടത്തിന്റെ അതിർവരമ്പുകളെ ഭേദിച്ച് സഭയ്ക്കും സമൂഹത്തിനും കുടുംബത്തിനും ക്രൈസ്തവ ധാർമിക മൂല്യങ്ങളെ കൈമുതലാക്കി യുവജനതയെ വളർത്തിയെടുക്കുന്ന ധാർമിക യുവജന പ്രസ്ഥാനം എം.സി.വൈ.എം.

എന്നെ ഞാനാക്കി മാറ്റിയ എന്റെ യുവജനപ്രസ്ഥാനം. കാലത്തിന്റെ സ്പന്ദനങ്ങൾ തിരിച്ചറിഞ്ഞ് സഭയ്ക്കും സമൂഹത്തിനുമായി ഒരു യുഗതലമുറ വാർത്തെടുക്കുന്ന ഈ പ്രസ്ഥാനത്തിന്റെ ഭാഗമായി ഈ കാലഘട്ടത്തിൽ പ്രവർത്തിക്കാൻ സാധിച്ചതിൽ അഭിമാനിക്കുന്നു.

ഈ പ്രസ്ഥാനത്തിന്റെ ഔദ്യോഗിക സ്ഥാനങ്ങളിൽ നിന്ന് പടിയിറങ്ങുമ്പോൾ എളിമയുടെ മാതൃകയായ പരിശുദ്ധ ഫ്രാൻസിസ് മാർപാപ്പയുടെ ജീവചരിത്രത്തിൽ നിന്ന് വായിച്ചെടുത്ത പാപ്പായുടെ സ്ഥാനാരോഹണത്തിന്റെ ചിത്രീകരണമാണ് എന്റെ മനസ്സിലേക്ക് കടന്നുവരുന്നത്:'ഞാൻ നിങ്ങളെ ആശിർവദിക്കുന്നതിനുമുമ്പ് ദൈവം എന്നെ ആശീർവദിക്കുവാൻ നിങ്ങൾ എനിക്ക് വേണ്ടി പ്രാർത്ഥിക്കുവിൻ' താഴ്മയുടെ വലിയ മാതൃകയായി പരിശുദ്ധ പിതാവിന്റെ ഈ വാക്കുകളാണ്.

ഈ പ്രസ്ഥാനത്തിന്റെ വളർച്ചയ്ക്ക് വേണ്ടി പ്രാർത്ഥിച്ചവരെ തളർച്ചയിൽ കരുത്തായി, സ്നേഹപൂർവ്വം കൂടെ നിന്നവരെ, ഒരിക്കലും മറക്കാനാവാത്ത നല്ല ഓർമ്മകൾ സമ്മാനിച്ചവരെ നന്ദിയോടെ ഓർക്കുന്നു.

www.malankaralibrary.com



യുവജന പ്രേക്ഷിത ശുശ്രൂഷ സഭയിലെ ഒരു വിശുദ്ധ ശുശ്രൂഷയാണ്. മാമോദീസയിലൂടെ വിശ്വാസജീവിതം ആരംഭിച്ച സഭാമക്കൾക്ക് വിശ്വാസത്തിൽ വളർച്ചയും പക്വതയും പ്രാപിക്കുവാൻ വിശ്വാസ പരിശീലനം കൊണ്ട് സാധ്യമാകുമ്പോൾ നാം ആർജ്ജിച്ചെടുത്ത വചനമാകുന്ന ക്രിസ്തുവിനെ ഏറ്റവും മനോഹരമായ രീതിയിൽ വ്യത്യസ്തമായ ആശയശൈലികൾ കൊണ്ടും ആഴമായ പ്രാർത്ഥന ചൈതന്യം കൊണ്ടും പകർന്നുകൊടുക്കുവാൻ സാധിക്കണം.

നമ്മുടെ സഭയുടെ സ്ഥാപകനും ദൈവദാസനുമായ മാർ ഈവാനിയോസ് പിതാവിന്റെ സഭാദർശനങ്ങളും നാം പഠിച്ചതും പരിശീലിച്ചതും വിശ്വസിച്ചതുമായ, വിശ്വാസ സത്യങ്ങളെ അതിന്റെ പൂർണ്ണതയിൽ പകരംവയ്ക്കാൻ മറ്റൊന്നില്ലാതെ പകർന്നുനൽകുവാൻ ഈ യുവജന പ്രസ്ഥാനത്തിലൂടെ സാധിക്കണം. 'ഒരിടയനും ഒരു തൊഴുത്തും' എന്ന വലിയ ദീർഘവീക്ഷണത്തിന്റെ പൂർത്തീകരണമാണല്ലോ ഭാരത സഭയിൽ പ്രകടമായ പുനരൈക്യം. സ്വന്തം വഴികളെ മാറ്റിവച്ചു കൊണ്ട് ദൈവത്തിന്റെ വഴികളെ തെരഞ്ഞെടുക്കുകയും അതിനായി പരിശ്രമിക്കുകയും തന്നെത്തന്നെ സമർപ്പിക്കുകയും ചെയ്യുമ്പോൾ ചെയ്തപ്പോൾ അത് അനേകർക്ക് ദൈവത്തെ പകർന്നു നൽകുവാനും അനുഭവവേദ്യമാക്കുവാനും സാധിച്ചു. പുതിയ കാലഘട്ടത്തിൽ ജീവിക്കുമ്പോൾ ആ വലിയ ഇടയൻ തിരിച്ചറിഞ്ഞത് പോലെ ഈ കാലഘട്ടത്തിന്റെ മ്ലേച്ഛതയെ തിരിച്ചറിയുവാൻ നമുക്കും സാധിക്കുമ്പോൾ നമ്മുടെ യുവജന പ്രസ്ഥാന വീഥികളിൽ ഐക്യത്തിനുവേണ്ടി വിശുദ്ധിയിൽ അടിസ്ഥാനമിട്ടുകൊണ്ട് പ്രേക്ഷിതചൈതന്യവും തീഷ്ണതയും കൊണ്ട് പുനരൈക്യത്തിലേക്ക് വിരൽ ചൂണ്ടുവാൻ നമുക്കും സാധിക്കണം. പ്രതിസന്ധികൾക്കിടയിലും പ്രതീക്ഷകൾ ഉയരുന്ന യുവജനശബ്ദമായി മാറട്ടെ നമ്മുടെ യുവജന പ്രേഷിത പ്രവർത്തനങ്ങൾ.






www.malankaralibrary.com

# Embracing Faith and Fellowship:

## My Journey with the Malankara Catholic Youth Movement (MCYM)



**Jithin Abraham Keerickal**
*Eparchy of St. Ephrem,*
*Khadki-Pune.*

God gave me the opportunity to serve our Church through the Malankara Catholic Youth Movement (MCYM) for 18 years at various levels. I owe a lot to this association and I feel truly blessed to have been a part of it.

I have grown in ways I never imagined possible. MCYM brought me out of a shy shell and turned me into the person that I am today.

Being a member of MCYM has been an incredibly rewarding experience that has enriched both my spiritual journey and personal growth. From the moment I became a part of this vibrant community, I found myself immersed in a supportive environment that fosters fellowship, service, and personal development.

One of the most remarkable aspects of being a part of MCYM is the strong sense of community it provides. From the very beginning, I was welcomed with open arms and quickly felt like I belonged. Whether it was through attending meetings, participating in retreats, or engaging in social activities, I always felt supported by my fellow members. This sense of belonging has not only strengthened my faith but has also provided me with a network of friends who share similar values and beliefs.

www.malankaralibrary.com

MCYM taught me the importance of being a part of something bigger than my work and family life. It has shown me the immense pleasure there is to be achieved in giving back to the society. As I was working with Khadki-Pune diocese, I had the opportunity to serve in some mission areas as well. My time with the missions has been a lesson in humility. Seeing people rejoicing at the prospect of just one meal a day, forced me to acknowledge and recognize just how blessed and privileged my entire life has been. These experiences have not only allowed me to give back to those in need but have also instilled in me a greater sense of empathy, compassion, and social responsibility.

Over the years, MCYM has given me some invaluable acquaintances and life-long friendships. It has taught me how to behave in critical situations in the church, home or better yet at work too. The activities and events inculcate important life lessons in planning and executing any task. Participating in the elections at different levels taught me to advocate for myself and appreciate the skills that I have learnt along the way. Moreover, it brought in me an appreciation for the diverse and unique perspectives of the individuals, alongside whom I had the honour to serve.

Perhaps the most profound impact MCYM has had on me is the deepening of my faith and spirituality. I learnt about surrendering to the Lord's plan. I learnt that life may not always go as we expect it to. However, walking with God, on the path that He designed for us will always bring us to a happier conclusion. The way of the Lord is one of sacrifice and suffering. It's one that ultimately leads to the greater good rather than the small plans we may hold for ourselves. MCYM has provided me with a safe space to explore my faith, ask questions, and seek guidance, and for that, I am truly grateful.

> "Being a member of MCYM has been an incredibly rewarding experience that has enriched both my spiritual journey and personal growth"

Working with MCYM can be very trying. You may have to on some occasions put aside your own priorities for the sake of the association. It can be frustrating because there will be plenty of enticing offers from the outside world. The important thing is to not lose sight of what really matters to us. To remember that all of it is worth it. You are working with God, for the glory of God.

In conclusion, my journey with MCYM has been nothing short of transformative. From the sense of community, it provides to the opportunities for growth and service, being a member of MCYM has enriched my life in countless ways. I am grateful for the friendships I have formed, the lessons I have learned, and the memories I have made along the way. As I continue on this journey, I am confident that the values and principles instilled in me by MCYM will continue to guide me in all aspects of my life.

# സഭാതലസമിതി

## ഗ്ലോബൽ മീറ്റ് 2024



മലങ്കര കാത്തലിക് യൂത്ത് മൂവ്മെന്റ് 2023 പ്രവർത്തനവർഷത്തെ പ്രവർത്തനങ്ങൾ അവലോകനം ചെയ്യുന്നതിനും 2024-2025 പ്രവർത്തന വർഷത്തേക്കുള്ള സഭാതല സമിതി ഭാരവാഹികളെ തെരഞ്ഞെടുക്കുന്നതിനുമായി 2024 ജനുവരി 27, 28 തീയതികളിൽ എം.സി.വൈ.എം. സഭാതല സമിതിയുടെ വാർഷിക സെനറ്റ് സമ്മേളനം 'ഗ്ലോബൽ മീറ്റ്' എം.സി.വൈ.എം. ബത്തേരി ഭദ്രാസനത്തിന്റെ ആതിഥേയത്വത്തിൽ ശ്രേയസിൽ വച്ച് നടത്തപ്പെട്ടു. 27-ാം തീയതി രാവിലെ പരിശുദ്ധ കുർബാനയ്ക്ക് ശേഷം ബത്തേരി ഭദ്രാസനത്തിന്റെ എം.സി.വൈ.എം ആനിമേറ്റർ സിസ്റ്റർ ശാലീന മാത്യു ഡി.എം. പതാക ഉയർത്തി. ബത്തേരി ഭദ്രാസനാധ്യക്ഷൻ അഭിവന്ദ്യ. ഡോ. ജോസഫ് മാർ തോമസ് മെത്രാപ്പോലീത്ത ഗ്ലോബൽ മീറ്റ് 2024 ഔദ്യോഗികമായി ഉദ്ഘാടനം ചെയ്തു. സഭാതല പ്രസിഡന്റ് എയ്ഞ്ചൽ മേരി യോഗത്തിന് അധ്യക്ഷത വഹിച്ചു. സഭാതല ഡയറക്ടർ റവ. ഫാ. ഡോ. പ്രഭീഷ് ജോർജ്ജ് ആമുഖസന്ദേശം നൽകി. ഗ്ലോബൽ മീറ്റിൽ 12 ഭദ്രാസനങ്ങളിൽ നിന്നും കഴിഞ്ഞ ഒരു വർഷക്കാലത്തെ വാർഷിക പ്രവർത്തന റിപ്പോർട്ട് ഓഫ് ലൈനായും ഓൺലൈനായും അവതരിപ്പിച്ചു. തുടർന്ന് 2024 വർഷത്തെ എം.സി.വൈ.എം. തീം 'യുവജനങ്ങൾ പ്രത്യാശയുടെ തീർത്ഥാടകർ' എന്ന പഠനഭാഗം ഗ്ലോബൽ മീറ്റ് 2024 വേദിയിൽ വച്ച് യുവജന കമ്മീഷൻ ചെയർമാൻ അഭിവന്ദ്യ ഡോ. മാത്യൂസ് മാർ പോളി കാർപ്പസ് എപ്പിസ്കോപ്പ പ്രകാശനം ചെയ്തു. ഈ തീം എഴുതി തയ്യാറാക്കിയത് സഭാതല ഡയറക്ടർ റവ. ഫാ. ഡോ. പ്രഭീഷ് ജോർജ്ജാണ്. അച്ചൻ ഭദ്രാസന യുവജന നേതാക്കന്മാർക്കായി ഈ തീം ഗ്ലോബൽ മീറ്റിൽ അവതരിപ്പിച്ചു. തുടർന്ന് മ്യൂസിക്കൽ നൈറ്റ് നടത്തപ്പെട്ടു. ഗ്ലോബൽ മീറ്റ് രണ്ടാം ദിനം രാവിലെ വിശുദ്ധ കുർബാനയ്ക്ക് യുവജന കമ്മീഷൻ ചെയർമാൻ അഭിവന്ദ്യ ഡോ. മാത്യൂസ് മാർ പോളി കാർപ്പസ് എപ്പിസ്കോപ്പ മുഖ്യ കാർമികത്വം വഹിച്ചു. തുടർന്ന് സഭാതല സമിതിയുടെ റിപ്പോർട്ടും കണക്കും അവതരിപ്പിച്ച് പാസാക്കുകയും ചെയ്തു. തുടർന്ന് 2024-2025 വർഷത്തിലേക്കുള്ള സഭാതല ഭാരവാഹികളെ തിരഞ്ഞെടുത്തു.

### 2024-2025 സഭാതല ഭാരവാഹികൾ




പ്രസിഡന്റ് - മോനു ജോസഫ്, തിരുവല്ല അതിഭദ്രാസനം
ജനറൽ സെക്രട്ടറി - ലിനു ഡാനിയൽ,
പുത്തൂർ ഭദ്രാസനം
ട്രഷറർ - രഞ്ജു രാജു, മാവേലിക്കര ഭദ്രാസനം
വൈസ് പ്രസിഡന്റ് -
അക്സ രാജൻ, പത്തനംതിട്ട ഭദ്രാസനം
സിറിൽ തോമസ്,ഡൽഹി ഗുഡ്ഗാവ് ഭദ്രാസനം
ക്രിസ്റ്റി വർഗീസ്, ബത്തേരി ഭദ്രാസനം
സെക്രട്ടറി - ബിനോ റ്റി ഗിൽബർട്ട്,
തിരുവനന്തപുരം മേജർ അതിഭദ്രാസനം
സെബിൻ മാത്യു, മൂവാറ്റുപുഴ ഭദ്രാസനം
ദിനേശ് എഫ്, മാർത്താണ്ഡം ഭദ്രാസനം

### സത്യപ്രതിജ്ഞയും അധികാര കൈമാറ്റവും

മലങ്കര സുറിയാനി കത്തോലിക്കാ സഭയുടെ യുവജനപ്രസ്ഥാനമായ മലങ്കര കാത്തലിക് യൂത്ത് മൂവ്മെന്റ് സഭാതല സമിതിയുടെ 2024 -2025 വർഷത്തെ പുതിയ ഭാരവാഹികൾ ഫെബ്രുവരി 18 ഞായറാഴ്ച വൈകുന്നേരം 4 മണിക്ക് പട്ടം തിരുസന്നിധിയിൽ

www.malankaralibrary.com








വച്ച് നടന്ന ചടങ്ങിൽ മലങ്കര സുറിയാനി കത്തോലിക്കാ സഭയുടെ തലവനും പിതാവുമായ അത്യഭിവന്ദ്യ മോറാൻ മോർ ബസേലിയോസ് കർദ്ദിനാൾ ക്ലീമിസ് കാതോലിക്കാ ബാവായുടെ മുമ്പാകെ സത്യപ്രതിജ്ഞ ചെയ്ത് ചുമതല ഏറ്റെടുത്തു. സഭയുടെ യുവജന കമ്മീഷൻ ചെയർമാൻ അഭിവന്ദ്യ ഡോ. മാത്യൂസ് മാർ പോളികാർപ്പസ് എപ്പിസ്കോപ്പ പ്രതിജ്ഞാവാചകം ചൊല്ലിക്കൊടുത്തു, എം.സി.വൈ.എം. സഭാതല സമിതി ഡയറക്ടർ റവ. ഫാ. ഡോ. പ്രഭീഷ് ജോർജ്ജ്, മുൻ ഭാരവാഹികൾ തുടങ്ങിയവർ സന്നിഹിതരായിരുന്നു. സത്യപ്രതിജ്ഞയ്ക്ക് ശേഷം പഴയ സമിതി അംഗങ്ങളിൽ നിന്നും പുതിയ സമിതി അംഗങ്ങൾ ചുമതലകൾ ഏറ്റെടുത്തു.

## Exodus

2022-23 സഭാതല സമിതിയുടെ പ്രവർത്തന റിപ്പോർട്ട് അടങ്ങിയ "Exodus" ബുക്ക്ലെറ്റ് യുവജന കമ്മീഷൻ ചെയർമാൻ അഭിവന്ദ്യ മാത്യൂസ് മാർ പോളികാർപ്പസ് എപ്പിസ്കോപ്പ സഭാതല ഭാരവാഹികൾക്ക് നൽകികൊണ്ട് പ്രകാശനം ചെയ്തു



## 2022-2023 സമിതിയ്ക്ക് നന്ദി



2022-2023 പ്രവർത്തനകാലയളവിൽ സഭാതല സമിതിയുടെ ഭാരവാഹികളായി ശുശ്രൂഷ ചെയ്ത യുവജന നേതാക്കന്മാരെ 2024-25 വർഷത്തെ സമിതിയുടെ സ്നേഹാദരവ് നൽകി ആദരിച്ചു. അത്യഭിവന്ദ്യ മോറോൻ മോർ ബസേലിയോസ് കർദ്ദിനാൾ ക്ലീമിസ് കാതോലിക്ക ബാവായിൽ നിന്നും മുൻ സമിതി അംഗങ്ങൾ മൊമെന്റോ ഏറ്റുവാങ്ങി.

## നാമഹേതുക തിരുനാൾ



മലങ്കര സുറിയാനി കത്തോലിക്കാ സഭയുടെ തിരുവനന്തപുരം മേജർ അതിഭദ്രാസന സഹായ മെത്രാനും യുവജന കമ്മീഷൻ ചെയർമാനുമായ അഭിവന്ദ്യ ഡോ. മാത്യൂസ് മാർ പോളികാർപ്പസ് പിതാവിന്റെ നാമഹേതുക തിരുനാളിനോടനുബന്ധിച്ച് എം. സി.വൈ.എം. സഭാതല സമിതിക്കു വേണ്ടി, സമിതി

യുടെ സെക്രട്ടറിമാരായ ബിനോ റ്റി. ഗിൽബർട്ട്, ദിനേശ് എഫ്. എന്നിവർ അഭിവന്ദ്യ പിതാവിനെ സന്ദർശിക്കുകയും പൂച്ചെണ്ട് നൽകി ആശംസകൾ അറിയിക്കുകയും ചെയ്തു.

## ആദരാഞ്ജലികൾ



കെ.സി.വൈ.എം. സംസ്ഥാന ഡയറക്ടർ സ്റ്റീഫൻ തോമസ് ചാലക്കരയുടെ വത്സല പിതാവ് ശ്രീ. സി. കെ. തോമസിന്റെ നിര്യാണത്തിൽ, എം.സി.വൈ.എം. സഭാതല പ്രസിഡന്റ് ശ്രീ. മോനു ജോസഫ് റീത്ത് സമർപ്പിച്ചു അനുശോചനം അറിയിച്ചു.

## നന്ദിയും സ്നേഹവും




കേരള കാത്തലിക് യൂത്ത് മൂവ്മെന്റ് (കെ.സി.വൈ.എം.) സംസ്ഥാന പ്രസിഡന്റായി കഴിഞ്ഞ ഒരു വർഷക്കാലം തീക്ഷ്ണതയോടെ നയിച്ച തിരുവനന്തപുരം മേജർ അതിഭദ്രാസനാംഗം ഷാരോൺ കെ. റെജിക്കും സെക്രട്ടറിമാരായി സേവനമനുഷ്ഠിച്ച തിരുവല്ല അതിഭദ്രാസനാംഗം മറിയം ടി. തോമസിനും മാവേലിക്കര ഭദ്രാസനാംഗം ഷിബിൻ ഷാജിക്കും മലങ്കര കാത്തലിക് യൂത്ത് മൂവ്മെന്റ് സഭാതല സമിതിയുടെ ഹൃദയം നിറഞ്ഞ നന്ദിയും സ്നേഹവും.

## കെ.സി.വൈ.എം. സെനറ്റ്

കെ.സി.വൈ.എം. 2023 വർഷത്തെ പ്രവർത്തനം വിലയിരുത്തുന്നതിനും 2024 വർഷത്തെ ഭാരവാഹികളെ തിരഞ്ഞെടുക്കുന്നതിനുമായി കോട്ടപ്പുറം രൂപതയുടെ ആതിഥേയത്വത്തിൽ കെ.സി.വൈ.എം. സെനറ്റ് നടത്തപ്പെട്ടു. മലങ്കര കത്തോലിക്കാ യുവജന പ്രസ്ഥാനത്തിലെ പാറശ്ശാല, തിരുവനന്തപുരം, മാവേലിക്കര പത്തനംതിട്ട, തിരുവല്ല, മൂവാറ്റുപുഴ, ബത്തേരി എന്നീ രൂപതകൾ പങ്കെടുക്കുകയും റിപ്പോർട്ട് അവതരിപ്പിക്കുകയും മറ്റ് സെനറ്റ് നടപടികളിൽ പങ്കാളികളാവുകയും ചെയ്തു.

## അഭിനന്ദനങ്ങൾ





കേരള കാത്തോലിക്ക യുവജന പ്രസ്ഥാനം KCYM സംസ്ഥാന സമിതിയുടെ വൈസ്പ്രസിഡന്റായി തിരഞ്ഞെടുക്കപ്പെട്ട എം.സി.വൈ.എം. മാവേലിക്കര ഭദ്രാസന സമിതിയംഗം ശ്രീ. ഷിബിൻ ഷാജിക്കും സെക്രട്ടറിയായി തിരഞ്ഞെടുക്കപ്പെട്ട എം.സി.വൈ.എം. പാറശ്ശാല ഭദ്രാസന സമിതിയംഗം ശ്രീ. അഗസ്റ്റിൻ ജോണിനും സഭാതല സമിതിയുടെ അഭിനന്ദനങ്ങൾ

## തിരുവനന്തപുരം മേജർ അതിഭദ്രാസനം

## സത്യപ്രതിജ്ഞ

മലങ്കര സുറിയാനി കത്തോലിക്ക സഭയുടെ യുവജന പ്രസ്ഥാനമായ മലങ്കര കാത്തലിക്ക് യൂത്ത് മൂവ്മെന്റ് തിരുവനന്തപുരം മേജർ അതിഭദ്രാസന ഭരണ സമിതി അംഗങ്ങൾ 2024 ജനുവരി 1-ാം തീയതി മലങ്കര സുറിയാനി കത്തോലിക്ക സഭയുടെ തലവനും പിതാവും എം.സി.വൈ.എം. തിരുവനന്തപുരം മേജർ അതിഭദ്രാസനത്തിന്റെ രക്ഷാധികാരിയുമായിരിക്കുന്ന അത്യഭിവന്ദ്യ മോറാൻ മോർ ബസേലിയോസ് കർദ്ദിനാൾ ക്ലീമീസ് കാതോലിക്കാ ബാവ തിരുമനസ്സിന്റെ മുമ്പാകെ പട്ടം അരമന ചാപ്പലിൽ വച്ച് സത്യപ്രതിജ്ഞ








ചെയ്തു ചുമതലേറ്റു. യുവജന പ്രസ്ഥാനത്തിന്റെ സാരഥികളായി തിരുവനന്തപുരം വൈദിക ജില്ലയിലെ മണ്ണന്തല സെന്റ് ജോൺ പോൾ രണ്ടാമൻ മലങ്കര കത്തോലിക്കാ പള്ളിയിലെ ശ്രീ. സിജോ സി. ജോസഫ് പ്രസിഡന്റായും കൊട്ടാരക്കര വൈദിക ജില്ലയിലെ പനവേലി സെന്റ് ജോർജ് മലങ്കര കത്തോലിക്കാ പള്ളിയിലെ ശ്രീ. ജോജി ക്ലമന്റ് ജനറൽ സെക്രട്ടറിയായും അതോടൊപ്പം 13 അംഗ സമിതി അംഗങ്ങളും സത്യപ്രതിജ്ഞ ചെയ്തു ചുമതലയേറ്റു.

## കർമ്മ പദ്ധതി ഉദ്ഘാടനം – IMPACT 2024



മലങ്കര കാത്തലിക്ക് യൂത്ത് മൂവ്മെന്റ് (എം.സി.വൈ.എം.) തിരുവനന്തപുരം മേജർ അതിഭദ്രാസനത്തിന്റെ കർമ്മപദ്ധതി IMPACT 2024 മലങ്കര സുറിയാനി കത്തോലിക്കാ സഭയുടെ തലവനും പിതാവും എം.സി.വൈ.എം. തിരുവനന്തപുരം മേജർ അതിഭദ്രാസനത്തിന്റെ രക്ഷാധികാരിയും കേരള കത്തോലിക്കാ മെത്രാൻ സംഘത്തിന്റെ അദ്ധ്യക്ഷനുമായ അത്യഭിവന്ദ്യ മോറാൻ മോർ ബസേലിയോസ് കർദ്ദിനാൾ ക്ലീമിസ് കാതോലിക്ക ബാവാ ഉദ്ഘാടനം ചെയ്ത് പ്രകാശന കർമ്മം നിർവഹിക്കുകയുണ്ടായി.

മേജർ അതിഭദ്രാസന പ്രസിഡന്റ് സിജോ സി. ജോസഫിന്റെ അദ്ധ്യക്ഷതയിൽ ചേർന്ന യോഗത്തിൽ അതിഭദ്രാസന ജനറൽ സെക്രട്ടറി ജോജി ക്ലമന്റ് സ്വാഗതമാശംസിക്കുകയും അതിഭദ്രാസന ഡയറക്ടർ ബഹുമാനപ്പെട്ട ജോസഫ് തോട്ടത്തിൽകടയിൽ അച്ചൻ ആമുഖ പ്രഭാഷണം നടത്തുകയും ചെയ്തു. തിരുവനന്തപുരം മേജർ അതിഭദ്രാസന വികാരി ജനറാൾ പെരിയ ബഹുമാനപ്പെട്ട തോമസ് കയ്യാലക്കൽ അച്ചൻ, അഞ്ചൽ ജില്ലാ വികാരി ബഹുമാനപ്പെട്ട ബോവാസ് മാത്യു അച്ചൻ, അഞ്ചൽ വൈദിക ജില്ല എം.സി.വൈ.എം. ഡയറക്ടർ ബഹുമാനപ്പെട്ട എബ്രഹാം മുരിപ്പേലച്ചൻ വൈദിക ജില്ല പ്രസിഡന്റ് കെവിൻ എന്നിവർ ആശംസകൾ അറിയിച്ച് സംസാരിച്ചു.

2023–2024 വർഷത്തെ ഭരണസമിതി അംഗങ്ങൾക്ക് അഭിവന്ദ്യ ബാവ തിരുമേനി ആദരവ് നൽകുകയുണ്ടായി. ബഹുമാനപ്പെട്ട ആദർശ് കുമ്പളത്തിൽ അച്ചൻ യുവജനങ്ങൾക്കായി തീം പഠന സെമിനാർ നടത്തുകയും 9 വൈദിക ജില്ലകളെ പ്രതിനിധീകരിച്ച് ഡയറക്ടറച്ചന്മാരും വൈദികരും സിസ്റ്റേഴ്സും 600 ഓളം യുവജനങ്ങളും പങ്കെടുത്തു. മ്യൂസിക്കൽ ബാൻഡോടുകൂടി പരിപാടികൾ സമാപിച്ചു.

# തിരുവല്ല അതിഭദ്രാസനം

## എം.സി.വൈ.എം. സ്ഥാപക ദിനാചരണം




മലങ്കര കത്തോലിക്കാ യുവജന പ്രസ്ഥാനത്തിന്റെ 56-ാ മത് സ്ഥാപക ദിനത്തോടനുബന്ധിച്ച് എം.സി.വൈ.എം. തിരുവല്ല അതിഭദ്രാസന സമിതി അംഗങ്ങൾ പ്രായമായ അമ്മമാർ താമസിക്കുന്ന കോട്ടയം, പുത്തനങ്ങാടി മാർ തെയോഫിലോസ് സ്നേഹഭവനിൽ എതിച്ചേർന്ന് അവിടുത്തെ അമ്മമാരെ സന്ദർശിക്കുകയും അവർക്കുള്ള വൈകിട്ടത്തെ ഭക്ഷണം അതിഭദ്രാസന സമിതി ക്രമീകരിക്കുകയും അവരോടൊപ്പം കുറച്ചു സമയമായിരിക്കുവാനും സാധിച്ചു. അതിഭദ്രാസന പ്രസിഡന്റ് സിറിയക് വി. ജോൺ യുവജന ദിനത്തിന്റെ സന്തോഷം അറിയിച്ചു സംസാരിക്കുകയും തുടർന്ന് അവർക്കൊപ്പം കേക്ക് മുറിക്കുകയും ഭക്ഷണത്തിൽ പങ്കുചേരുകയും ചെയ്തു.



## പ്രതിഷേധം




സഭയ്ക്കും വൈദികർക്കും എതിരെ നിരന്തരം നടന്നുവരുന്ന അക്രമങ്ങൾക്കും വ്യക്തിഹത്യകൾക്കുമെതിരെ തിരുവല്ല അതിഭദ്രാസനത്തിലെ യുവജനങ്ങൾ പ്രതിഷേധിച്ചു. കഴിഞ്ഞ ദിവസം പൂഞ്ഞാർ ഫൊറോന ദൈവാലയത്തിൽ ആരാധനയും പ്രാർഥനയും നടക്കുന്നതിനിടയിൽ ലഹരിക്കടിമകളായ ഒരു കൂട്ടം ചെറുപ്പക്കാർ പള്ളിമുറ്റത്ത് കാറുകളും ബൈക്കുകളുമായി വന്ന് ആരാധനയ്ക്ക് തടസ്സം ഉണ്ടാക്കുന്നവിധത്തിൽ ബൈക്ക് റേസിംഗ് നടത്തിയതിനെത്തുടർന്ന് അവരോട് തിരിച്ചുപോകാൻ ആവശ്യപ്പെട്ട പള്ളിയിലെ അസിസ്റ്റന്റ് വികാരി ഫാ. ജോസഫ് ആറ്റുചാലിനെ ആക്രമിച്ച സംഭവത്തിന്റെ പശ്ചാത്തലത്തിലായിരുന്നു പ്രതിഷേധം. തിരുവല്ല അതിഭദ്രാസന മുഖ്യ വികാരി ജനറൽ മോൺ. ഐസക് പറപ്പള്ളി പ്രതിഷേധം ഉത്ഘാടനം ചെയ്തു സംസാരിച്ചു. എം.സി.വൈ.എം. സഭാതല പ്രസിഡന്റ് മോനു ജോസഫ്, എം.സി.എ. തിരുവല്ല മേഖല പ്രസിഡന്റ് ബിജു ജോർജ്ജ്, തിരുവല്ല മേഖല വികാരിയും സെന്റ് ജോൺസ് വികാരിയുമായ ഫാ. മാത്യു പുനക്കുളം, എം.സി.വൈ.എം. തിരുവല്ല അതിഭദ്രാസന ഡയറക്ടർ ഫാ. ചെറിയാൻ കുരിശുംമൂട്ടിൽ, എം.സി.വൈ.എം. തിരുവല്ല അതിഭദ്രാസന പ്രസിഡന്റ് സിറിയക് വി. ജോൺ,

www.malankaralibrary.com


ജനറൽ സെക്രട്ടറി ഷെറിൻ കാരിക്കോട്ട്, വൈസ് പ്രസിഡന്റ് അഡ്വ. ജിബിൻ കെ. ജോൺ, കത്തീഡ്രൽ യൂണിറ്റ് പ്രസിഡന്റ് ഡോ. ലിഡിയ എന്നിവർ പ്രതിഷേധം അറിയിച്ചു സംസാരിച്ചു. തിരുവല്ല അതിഭദ്രാസന യൂത്ത് കോർഡിനേറ്റർ സി. അലീന എസ്.ഐ.സി., വിവിധ മേഖല ഡയറക്ടർ അച്ചന്മാർ, സിസ്റ്റർ കോർഡിനേറ്റർ, ഭക്തസംഘടന പ്രതിനിധികൾ, വിവിധ മേഖലകളിലെ യുവജനങ്ങൾ, പ്രദേശവാസികൾ എന്നിവർ പ്രതിഷേധ കൂട്ടായ്മയിൽ സന്നിഹിതരായിരുന്നു.

## പത്തനംതിട്ട ഭദ്രാസനം

## സിൻഡിക്കേറ്റ് മീറ്റിംഗ്



ഭദ്രാസനതലത്തിലെ പ്രവർത്തനങ്ങൾ കൂടുതൽ ചടുലവും ഊർജ്ജസ്വലവുമാക്കുന്നതിന് വേണ്ടിയും പ്രവർത്തന വർഷത്തെ കർമ്മപരിപാടികൾ ആലോചിച്ച് നടപ്പിലാക്കുന്നതിനുമായി ജനുവരി 21-ാം തീയതി ഉച്ചയ്ക്ക് ശേഷം 2.30 ന് ആഞ്ഞിലിക്കുന്ന് ദൈവാലയത്തിൽ വച്ച് ജില്ലാ ഡയറക്ടർ, ആനിമേറ്റർ സിസ്റ്റേഴ്സ്, ജില്ലാ പ്രസിഡന്റ്, സെക്രട്ടറി, ഭദ്രാസന സിൻഡിക്കേറ്റ് അംഗങ്ങൾ എന്നിവരെ ഉൾപ്പെടുത്തി സിൻഡിക്കേറ്റ് മീറ്റിംഗ് നടത്തപ്പെട്ടു.

മീറ്റിങ്ങിന് ഭദ്രാസന പ്രസിഡന്റ് ശ്രീ. ബിബിൻ എബ്രഹാം അധ്യക്ഷത വഹിച്ചു. ജനറൽ സെക്രട്ടറി ശ്രീ.സുബിൻ തോമസ് സ്വാഗതം ആശംസിക്കുകയും ഭദ്രാസന ഡയറക്ടർ ഫാ. ജോബ് പതാലിൽ ആമുഖ സന്ദേശം നൽകുകയും ചെയ്തു.

വിവിധ ഗ്രൂപ്പുകളായി തിരിഞ്ഞ് ഭദ്രാസനതലത്തിൽ നടത്തേണ്ട പ്രവർത്തനങ്ങളെ പറ്റി ചർച്ചയും, പ്രവർത്തന വർഷത്തെ കർമ്മപരിപാടികളുടെ ആലോചനയും നടത്തപ്പെട്ടു.

മീറ്റിങ്ങിന് ഭദ്രാസന വൈസ് പ്രസിഡന്റ് ശ്രീ. ലിന്റോ തോമസ് നന്ദി രേഖപ്പെടുത്തി. മീറ്റിങ്ങിന് എല്ലാ ക്രമീകരണങ്ങളും നൽകി ഭദ്രാസന നേതാക്കന്മാരെ ഹൃദ്യമായി സ്വീകരിച്ച ആഞ്ഞിലികുന്ന് ഇടവകയെയും വികാരി ബഹുമാനപ്പെട്ട ജോർജ് വർഗീസ് പുതുപ്പറമ്പിൽ അച്ചനെയും നന്ദിയോടെ ഓർക്കുന്നു.

## Elysian (Divinely Inspired)




പരിശുദ്ധ സഭയിലെ വലിയ നോമ്പിനോടനുബന്ധിച്ച് പത്തനംതിട്ട ഭദ്രാസനത്തിന്റെ നേതൃത്വത്തിൽ അഞ്ച് വൈദിക ജില്ലകളിലെയും 100 യൂണിറ്റുകളെ കോർത്തിണക്കിക്കൊണ്ട് എലീഷ്യൻ നോമ്പുകാല ഉപവി പ്രവർത്തനങ്ങൾക്ക് തുടക്കം കുറിച്ചു.

## ഗ്രഹാം സ്റ്റെയിൻസിന്റെയും കുടുംബത്തിന്റെയും ഓർമ്മകൾക്ക് മുൻപിൽ പ്രണാമം

സുവിശേഷത്തിന് വേണ്ടി രക്തസാക്ഷിത്വം വരിച്ച ഗ്രഹാം സ്റ്റെയിൻസിന്റെയും കുടുംബത്തിന്റെയും ഓർമ്മകൾക്ക് മുൻപിൽ പ്രണാമം അർപ്പിച്ച് എം.സി.വൈ.എം പത്തനംതിട്ട ഭദ്രാസനം.

ഭാരതത്തിൽ സുവിശേഷത്തിന്റെ വിത്തുകൾ വിതയ്ക്കുക എന്ന ലക്ഷ്യവുമായി എത്തിയ ഗ്രഹാം സ്റ്റെയിൻസ് എന്ന സുവിശേഷകനെയും അദ്ദേഹത്തിന്റെ കുടുംബത്തെയും ഒറീസായിൽ വച്ച് തീ ഇട്ട് കൊലപ്പെടുത്തിയിട്ട് 25 വർഷങ്ങൾ പിന്നിടുന്നു. ആ കറുത്ത ദിനത്തിന്റെ ഓർമ്മകൾ ഇന്നും മായാതെ ഒരു വേദനയായി നിൽക്കുന്നു. ലോകത്തും ഭാരതത്തിൽ ഉടനീളവും ഈ 25 വർഷങ്ങൾക്ക് ശേഷവും ക്രൈസ്തവർ പീഡിപ്പിക്കപ്പെടുന്നു എന്നുള്ളത് യാഥാർഥ്യമായ കാര്യമാണ്. സുവിശേഷത്തിന് വേണ്ടി ജീവൻ നൽകിയ










ഗ്രഹാം സ്റ്റെയിൻസിൻ്റെയും അദ്ദേഹത്തിൻ്റെ കുടുംബത്തിൻ്റെയും ഓർമ്മകൾക്ക് പ്രണാമം അർപ്പിച്ചുകൊണ്ട് എം.സി.വൈ.എം. പത്തനംതിട്ട ഭദ്രാസന സമിതി പ്രാർത്ഥന നടത്തി. ഭദ്രാസന പ്രസിഡന്റ് ശ്രീ. ബിബിൻ എബ്രഹാം അദ്ദേഹത്തിൻ്റെ ജീവിതത്തെപ്പറ്റി വിവരിച്ചു. ഭദ്രാസന ഡയറക്ടർ ഫാ. ജോബ് പതാലിൽ പ്രാർത്ഥനയ്ക്ക് നേതൃത്വം നൽകി. ഭദ്രാസന അസിസ്റ്റന്റ് ഡയറക്ടർ ഫാ. സ്കോട്ട് സ്ലീബാ പുളിമൂടൻ, ഭദ്രാസന സിസ്റ്റർ ആനിമേറ്റർ സി. ജോവാൻ എസ്.ഐ.സി., ജില്ലാ ഡയറക്ടർമാരായ ഫാ. ഫിലിപ്പോസ് ചരുവുപുരയിടത്തിൽ, ഫാ. വിൽസൺ മേലേടത്ത്, ഫാ. ജോർജ് കുളത്തുംകരോട്ട്, സി. ഷാരോൺ SIC, സി. ജ്യോതി SIC, സിസ്റ്റർ നോബിൾ SIC, ഭദ്രാസന ഭാരവാഹികൾ വൈദിക ജില്ല പ്രസിഡന്റ്, സെക്രട്ടറി സിൻഡിക്കേറ്റ് അംഗങ്ങൾ എന്നിവർ പങ്കെടുത്തു.

## രൂപതാ ദിനാശംസകൾ

പത്തനംതിട്ട ഭദ്രാസനത്തിന്റെ രൂപത ദിനാഘോഷവുമായി ബന്ധപ്പെട്ട് ജനുവരി 14-ാം തീയതി ബിഷപ്പ്സ് ഹൗസിൽ വച്ച് ഭദ്രാസന സമിതി ഒന്നിച്ച് അഭിവന്ദ്യ സാമുവേൽ മാർ ഐറേനിയോസ് മെത്രാപ്പോലീത്തയെ സന്ദർശിക്കുകയും യുവജന സഭയുടെ സ്നേഹസമ്മാനം അഭിവന്ദ്യ പിതാവിന് നൽകുകയും ചെയ്തു. തദവസരത്തിൽ ഭദ്രാസന സമിതിയുടെ എല്ലാ പ്രവർത്തനങ്ങൾക്കും അഭിവന്ദ്യ പിതാവ് ആശംസകളും പ്രാർത്ഥനയും നേർന്നു. ഭദ്രാസന ഡയറക്ടർ ഫാ.ജോബ് പതാലിൽ, അസിസ്റ്റന്റ് ഡയറക്ടർ ഫാ. സ്കോട്ട് സ്ലീബ പുളിമൂടൻ, ആനിമേറ്റർ സി. ജൊവാൻ എസ്.ഐ.സി, ഭദ്രാസന പ്രസിഡന്റ് ബിബിൻ എബ്രഹാം, മുൻ ഭദ്രാസന പ്രസിഡന്റ് അജോഷ് എം. തോമസ്, മറ്റ് ഭദ്രാസന ഭാരവാഹികൾ എന്നിവർ സന്നിഹിതരായിരുന്നു.

## ഭരണഘടന പ്രകാശനം



എം.സി.വൈ.എം പത്തനംതിട്ട ഭദ്രാസന ഭരണഘടന ഭേദഗതിചെയ്ത് പത്തനംതിട്ട ഭദ്രാസന അധ്യക്ഷൻ അഭിവന്ദ്യ സാമുവേൽ മാർ ഐറേനിയോസ് മെത്രാപ്പോലീത്ത 2022-23 സമിതി പ്രസിഡന്റ് ശ്രീ. അജോഷ് എം.തോമസിന് നൽകികൊണ്ട് പ്രകാശനം ചെയ്തു.

പത്തനംതിട്ട ഭദ്രാസനം നിലവിൽ വന്നതിന് ശേഷം 2011 ലാണ് എം.സി.വൈ.എം. ഭദ്രാസന ഭരണഘടന നിലവിൽ വന്നത്. കാലോചിതമായി മാറ്റങ്ങൾ വരുത്തി ഭരണഘടന ഭേദഗതി എന്ന ആശയം സെനറ്റിൽ മുന്നോട്ട് വന്നു.അതിൻപ്രകാരം 2021-22 ഭദ്രാസന സമിതി അതിന്റെ ഭേദഗതി സംബന്ധിച്ചുള്ള പ്രവർത്തനങ്ങൾക്ക് തുടക്കം കുറിച്ചു. ചർച്ചകൾ, മീറ്റിംഗുകൾ എന്നിവയ്ക്ക് ശേഷം 2022-23 സമിതി അതിന്റെ എല്ലാ പ്രവർത്തനങ്ങളും പൂർത്തിയാക്കി ഭരണഘടന ഭേദഗതി ചെയ്ത് പ്രകാശനം ചെയ്തു.

## SWAG - Saved with amazing grace



എം.സി.വൈ.എം. പത്തനംതിട്ട ഭദ്രാസന സമിതിയുടെ നേതൃത്വത്തിൽ യൂണിറ്റുകളിലെ യുവജന നേതാക്കന്മാർക്കായി നടത്തപ്പെടുന്ന നേതൃ പരിശീലനം "SWAG" പത്തനംതിട്ട വൈദിക ജില്ലയിൽ നിന്ന് തുടക്കം കുറിച്ചു. ഫെബ്രുവരി 25-ാം തീയതി ഞായറാഴ്ച തോന്ന്യാമല, സെന്റ്. മേരീസ് മലങ്കര സുറിയാനി കത്തോലിക്ക ദൈവാലയത്തിൽ വച്ച് നടത്തപ്പെട്ട പ്രോഗ്രാമിൽ വിവിധ യൂണിറ്റുകളിൽ നിന്നായി അറുപതോളം യുവജനങ്ങൾ പങ്കെടുത്തു.

വ്യത്യസ്തമാർന്ന ഘട്ടങ്ങളിലൂടെ യുവജനങ്ങളെ പൂർണ്ണ പങ്കാളിത്തത്തിലേക്ക് കൊണ്ടുവരുവാനും അതിലുപരി ആശയങ്ങൾ പങ്കുവയ്ക്കുവാനും സാധിച്ചു.

യുവജനങ്ങളെ പരസ്പരം പരിചയപ്പെടുത്തി, ആവേശത്തോടെ മുന്നോട്ട് വരുവാനായി ഐസ് ബ്രേക്കിംഗ് സെഷനിലൂടെ ഭദ്രാസനത്തിന്റെ സെക്രട്ടറിയായിരിക്കുന്ന ടെനി സജി തുടക്കം കുറിച്ചു.

